എന്നാൽ ഇപ്പോൾ വീണ്ടും ബഹുമാനപ്പെട്ട മന്ത്രി അതു പോരെന്നും ഉടമാവകാശം ഗവണ്മെൻറിൽ വെസ്റ്റു ചെയ്തു് കുടിയാനവനു് ഉടമാവകാശം അസൈൻ ചെയ്തുകൊടുക്കുക എന്നുമുള്ള നിലയിലാക്കിത്തീർത്തിരിക്കുകയാണു്. സർ, അതിനു പ്രധാനമായ ഒരു വൈഷമ്യം കുടിയാനവൻ കൊടുക്കേണ്ട കാമ്പൻസേഷനിൽ എന്തെങ്കിലും കുറവു വരുത്തുകയാണെങ്കിൽ അതു് ഭരണഘടനാവിരുദ്ധമായിരിക്കുമെന്നുള്ളതാണു്. സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടു് അനുസരിച്ചു് കുടിയാനവൻ കൊടുക്കുന്ന പ്രതിഫലം മുഴുവൻ ഭൂവുടമയ്ക്കു കിട്ടുകയില്ല. പ്രതിഫലം സ്ലാബു് അടിസ്ഥാനത്തിൽ കൊടുക്കുവാനാണു് നിശ്ചയിച്ചിട്ടുള്ളതു്. ഇപ്പോൾ കുടിയാനവൻ കൊടുക്കുന്ന പ്രതിഫലത്തിൽ കുറവു ചെയ്തിട്ടാണു് ഭൂവുടമയ്ക്കു കൊടുക്കുന്നതു്. അങ്ങനെ ചെയ്യുന്നതു് ഭരണഘടനയ്ക്കു് യോജിച്ചതായിരിക്കുകയില്ല. നേരേമറിച്ചു് ഭൂവുടമാവകാശം ഗവണ്മെൻറിലേക്കു് വെസ്റ്റു ചെയ്യുകയാണെങ്കിൽ, ഭൂവുടമയ്ക്കു കൊടുക്കുന്ന പ്രതിഫലം കുറയ്ക്കുകയാണെങ്കിൽ അതു് ഭരണഘടനയ്ക്കു വിധേയമായിരിക്കുമെന്നുള്ള നിലയിലാണു് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളെ അറിയിക്കുവാനുള്ളതു് കുടിയാനവൻ കൊടുക്കുന്ന പ്രതിഫലത്തിൽ എന്തെങ്കിലും വെട്ടിക്കുറയ്ക്കേണ്ട ആവശ്യമുണ്ടോയെന്നുള്ളതാണു്. സർപ്ലസ് ലാൻഡു് ഗവണ്മെൻറിലേക്കു് എടുക്കുകയാണെങ്കിൽ അതിൽ വരുത്തുന്ന പ്രതിഫലത്തിന്റെ വെട്ടിക്കുറവു് എന്താണെന്നു മനസ്സിലാക്കാം. അതിന്റെ പ്രതിഫലം സ്ലാബു് അടിസ്ഥാനത്തിലാക്കിയാലും മനസ്സിലാക്കാം. പക്ഷെ കുടിയാനവൻ ഭൂവുടമയ്ക്കു് കൊടുക്കുന്ന സംഖ്യയിൽ കുറവു വരുത്തുന്നതിന്റെ അടിസ്ഥാനം എന്താണെന്നു മനസ്സിലാകുന്നില്ല. കുടിയാനവനു് അതുകൊണ്ടു് യാതൊരു നേട്ടവുമില്ല. ഭൂവുടമയ്ക്കു് കുടിയാനവൻ കൊടുക്കുന്ന സംഖ്യ കിട്ടുകയുമില്ല. അതിലൊരു ഭാഗം ഗവണ്മെൻറിലേക്കാണു കിട്ടുന്നതു്. ഭരണഘടനാവിധേയമാക്കുവാൻവേണ്ടി പുതിയ ഒരു ഭേദഗതി കൊണ്ടുവരുന്നതിനു പകരം കുടിയാനവനു് നഷ്ടമില്ലാതെ, കുടിയാൻ കൊടുക്കുന്ന സംഖ്യ മാത്രം ഭൂവുടമയ്ക്കു് കൊടുക്കുവാനുള്ള വ്യവസ്ഥ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ബുദ്ധിമുട്ടു് ഉണ്ടാകുമായിരുന്നില്ല. കുടിയാനവൻ തരുന്ന സംഖ്യയിൽനിന്നു് ഒരു ഭാഗം ഗവണ്മെൻറിലേക്കു് എടുക്കേണ്ട യാതൊരാവശ്യവുമില്ല. ലാൻഡു് ടൈബ്യൂണൽ ഏർപ്പെടുത്തുന്നതിനും, ലാൻഡു് ബോർഡു് ഏർപ്പെടുത്തുന്നതിനും ഒരു സംഖ്യ ഗവണ്മെൻറിനു ചെലവു ചെയ്യേണ്ടതായിട്ടുണ്ടു്. അതിനുള്ള സംഖ്യ മറ്റു മാർഗ്ഗത്തിൽ ഗവണ്മെൻറിനു കിട്ടുന്നുണ്ടു്. മിച്ചഭൂമിക്കു് സ്ലാബടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]:

കാമ്പൻസേഷൻ കൊടുക്കുമ്പോൾ അതിൽനിന്നതന്നെ വലിയ ഒരു സംഖ്യ ഗവണ്മെൻറിലേക്ക് കിട്ടുന്നുണ്ട്. അതിൽനിന്നു് ലാൻഡ് ടെബ്യൂണൽ, ലാൻഡ് ബോർഡ് മുതലായവയുടെ ചിലവു കഴിച്ചാലും പിന്നെയും ഗവണ്മെൻറിനു മിച്ചമുണ്ടാകും. ആ നിലയ്ക്ക് കുടിയാനവനു് ഭൂവുടമാവകാശം കിട്ടുമ്പോൾ കുടിയാനവൻ കൊടുക്കുന്ന സംഖ്യ മുഴുവൻ, ഒരു തരത്തിലും കുറയ്ക്കാതെ ഭൂവുടമയ്ക്ക് കൊടുക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരികയില്ല. നേരേമറിച്ച് ഗവണ്മെൻറിലേക്കു കിട്ടുന്ന സംഖ്യയിൽ കുറച്ച് കുറവുവരുമെന്നേയുള്ളൂ. സർ, ഇതിലെ നീതിയുടെ വശം നോക്കിക്കഴിഞ്ഞാലും ഉടമാവകാശം കൊടുക്കുന്നതിൻെറ പ്രതിഫലം മുഴുവനായി ഭൂവുടമയ്ക്ക് കിട്ടേണ്ടതാണു്. അതു കൊടുക്കാതിരിക്കുവാൻ എന്താണു കാരണമെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ വ്യക്തമാക്കിയിട്ടില്ല. അതു് കൊടുക്കാതെയിരിക്കുന്നതു് ന്യായീകരിക്കാമെന്നുണ്ടെങ്കിൽ മാത്രമേ ഈ പുതിയ വ്യവസ്ഥ എഴുതിച്ചേർക്കേണ്ടതുള്ളൂ. അല്ലെങ്കിൽ പഴയ വ്യവസ്ഥയനുസരിച്ചു് മുന്നോട്ടു പോകുകയാണു് നല്ലതു്. എന്തുകൊണ്ടാണു് ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ ഒരു തീരുമാനമെടുത്തതെന്നു് അറിയിച്ചാൽ കൊള്ളാം. സർ, ഈ വകുപ്പിനു് ഞാൻ ഏതാണ്ടു് ഭേദഗതികളും കൊടുത്തിരുന്നു. എൻെറ ഭേദഗതികളും രണ്ടാം ലിസ്റ്റിലെ എട്ടാമത്തേതും, ഒമ്പതാമത്തേതും, പന്ത്രണ്ടാമത്തേതും, പതിനാറാമത്തേതുമാണു്. എട്ടാമത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു്,—

> "In clause 38 (1) (Amendment No. 18 in Supplement List No. 1) in line 3 after the word "landowner" insert the words 'other than a small holder" and in line 4 substitute the word "cultivating" for the word "protected."

എന്നാണു്. ഇങ്ങനെ ചെയ്താൽ പ്രൊട്ടക്ടഡ് ടെനൻറ് എന്നു പറയുന്നവർ ഏതാണെന്നു പ്രത്യേകം പറയേണ്ടിവരികയില്ല. ബഹുമാനപ്പെട്ട മന്ത്രി നാലാമത്തെ ഒരു ഭേദഗതിയായി,

> "The provisions of this section and sections 39 to 54 (both inclusive) shall not apply to a tenant holding under a small holder as defined in section 15". എന്ന ഒരു ഭേദഗതിയും കൊണ്ടുവന്നിട്ടുണ്ട്. സ്മാൾ ഹോൾഡറിൻെറ കീഴിലുള്ള കുടിയാന്മാർക്കു് റിസംഷൻ റൈറ്റ് ഉള്ളതുകൊണ്ടു് ആ റിസംഷൻ റൈറ്റ് എക്സർസൈസു് ചെയ്തതിനുശേഷമേ കുടിയാനവനു ഭൂമി കിട്ടുവാൻ അവകാശമുള്ളൂ എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ ആ കുടിയാന്മാരെ പ്രൊട്ടക്ടഡ് ടെനൻസായി കണക്കാക്കുന്നില്ല. ഭൂമി കിട്ടുന്ന കുടിയാന്മാർ മാത്രമാണു് പ്രൊട്ടക്ടഡ് ടെനൻസ്. അങ്ങനെയാണെങ്കിൽ അതു് മേൽപ്പറഞ്ഞ എൻെറ എട്ടാമത്തെ ഭേദഗതികൊണ്ടു് സാധിക്കുന്നതാണു്.

സ്മാൾ ഹോൾഡറിൻെറ കീഴിലുള്ള കുടിയാനവൻ പ്രൊട്ടക്ടഡ് ടെനൻറ് ആകുകയില്ല. പർച്ചെയ്സ് റൈറ്റ് കിട്ടുന്ന ടെനൻസ് പ്രൊട്ടക്ടഡ് ടെനൻസാകും. ഇതാണു് എട്ടാമത്തെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: ലാൻഡ് ഓണറിൻെറ കീഴിലില്ലാത്ത ടെനൻസും ഉണ്ടാകുമല്ലോ. അവരുടെ സ്ഥിതി എന്താണു് ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ലാൻഡ് ഓണർ കഴിഞ്ഞിട്ടു് ഇൻറർമീഡിയറിസ് എന്നുണ്ടു്. "interest of the landholder and the intermediary." അപ്പോൾ അവിടെ സംശയം ഒന്നുമില്ല എന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. ഇൻറർമീഡിയറി: ഈ ഡെഫനിഷൻപ്രകാരവും പ്രൊട്ടക്ടഡ് ടെനൻസ് ആകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: ഇൻറർമീഡിയറി പ്രൊട്ടക്ടഡ് ടെനൻസ് ആകണമെന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: സ്റ്റാൻഡേർഡിന്റെ കീഴിലുള്ളതായ കുടിയാന്മാർ ഒഴിച്ചുള്ള എല്ലാ കുടിയാന്മാരും പ്രൊട്ടക്ടഡ് ടെനൻസാകും. കൾട്ടിവേറിംഗ് ടെനൻസ് മാത്രമേ പ്രൊട്ടക്റ്റഡ് ടെനൻസ് ആകുകയുള്ളു. ലാൻഡ് ലാർഡ്സ് എന്നു പറഞ്ഞു കഴിഞ്ഞാലും ഈ പറയുന്ന ആളുകളെല്ലാം അതിൽ വരുത്തുവാൻ സാധിക്കും. രണ്ടാമത്തെ ഭേദഗതി Substitute the words "on the first day of November 1959" for the words "on the appointed day to be notified by the Government in the Gazette." എന്നാണ്. സർ, ഈ ബില്ലിലെ കുടിയാനവന്മാക്ക് ഭൂവുടമകളാകുവാനുള്ള ഒരു ദിവസം ഗവണ്മെൻറ് നിശ്ചയിച്ച് ഗസറ്റിൽ പരസ്യം ചെയ്യണമെന്നും അന്നേ ദിവസം പൈസൻറ് ഡേ എന്ന് അറിയപ്പെടണമെന്നുമായിരുന്ന ബില്ലിലെ ഒരു വ്യവസ്ഥ. ആ വ്യവസ്ഥ ഇപ്പോൾ എടുത്തു കളഞ്ഞിരിക്കുകയാണ്. ഏതായാലും ഗവണ്മെൻറ് ഒരു തീയതി നിശ്ചയിച്ച് ആ തീയതിക്ക് കുടിയാനവന്മാർ ഭൂവുടമകളായിത്തീരും. ഭൂമി ഗവണ്മെൻറിൽ വെസ്റ്റ് ചെയ്യും. ഭൂവുടമാവകാശം ഒരു തീയതിക്ക് കുടിയാനവന്റെ പക്കലേക്ക് പോകും എന്നുള്ള അടിസ്ഥാനത്തിലാണ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന വ്യവസ്ഥ. ഗവണ്മെൻറ് ഒരു തീയതി നിശ്ചയിച്ച് നോട്ടിഫൈ ചെയ്യുന്നതിനു പകരം ഈ നിയമസഭ ഒരു തീയതി നിശ്ചയിച്ച് അതു ചെയ്യുന്നതിനു ഒരു വകുപ്പു ചേർക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. ബാംബെയിൽ 1957-ഏപ്രിൽ ഒന്നാംതീയതി 'ടില്ലേഴ്സ് ഡേ' ആയി ഡിക്ലയർ ചെയ്തിട്ടുണ്ട്. ആ തീയതിക്ക് ടില്ലേഴ്സിനു ഉടമാവകാശം വരുന്നതാണ്. അതുപോലെ ഈ നിയമത്തിലും ഒരു ദിവസം നിശ്ചയിക്കണമെന്നാണ് ഞാൻ ഈ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നത്. ഇങ്ങനെ നിശ്ചയിക്കണം എന്നു പറയുമ്പോൾ പ്രായോഗികമായി വല്ല ബുദ്ധിമുട്ടുകളും ഉണ്ടോ എന്ന് ആലോചിക്കേണ്ടതാണ്. പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഇതിൽ വരുന്നതു്, ഈ തീയതിക്ക് റിസംപ്ഷൻ എല്ലാം കഴിഞ്ഞിരിക്കുമോയെന്നുള്ളതും, റിസംപ്ഷൻ ആവശ്യമുള്ള എല്ലാ ഭൂവുടമകളും അപേക്ഷകൾ കൊടുത്തു കഴിഞ്ഞിരിക്കുമോയെന്നുള്ളതുമാണ്. അതിനെക്കുറിച്ചാണ് നമുക്കു ചിന്തിക്കുവാനുള്ളതു്. കാമ്പൻസേഷനെപ്പറ്റി ചിന്തിക്കുവാനില്ല. അപ്പോൾ ഒരു ദിവസം നാം നിശ്ചയിച്ചു കഴിഞ്ഞാൽ അതിനു മുമ്പ് ഭൂമി വീണ്ടെടുക്കുവാൻ അധികാരമുള്ള ഭൂവുടമകൾ അതിനുള്ള അപേക്ഷകൾ കൊടുത്തിരിക്കുമോ, ആ അപേക്ഷയനുസരിച്ച് അവർ വീണ്ടെടുക്കേണ്ട ഭൂമി ഏതാണെന്നു തീരുമാനിച്ചിരിക്കുമോ എന്നുള്ളതാണ്. അതിനെ അന്വേഷിച്ചു നോക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് പറഞ്ഞതുപോലെ സ്റ്റാൻഡേഴ്സിനെ സംബന്ധിച്ച് ഒരു തീയതി നിശ്ചയിക്കുവാൻ സാധ്യമല്ലാതെവരും.

വളരെക്കാലം ഈ സ്റ്റാൻഡേഴ്സിനു റിസംപ്ഷനെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കാൻ വേണ്ടിവരും. അപ്പോൾ ടെനൻറിനു ഈ അപ്പായിൻറഡ് ഡേറിൽ ഇതു കൊടുക്കാൻ സാധിക്കുന്നില്ല. അങ്ങിനെ വരുമ്പോൾ ഇതിൽ ഏഴാംവകുപ്പുപ്രകാരം റെസ്യും ചെയ്യുന്ന ലാൻറ് ഏതാണ് കുടിയാനു കൊടുക്കുന്നതെന്നാണ് എന്നു തിട്ടപ്പെടുത്താൻ അധികം സമയം വേണ്ടിവരികയില്ല. ആറുമാസത്തിനകം അതിന്റെ വിവരങ്ങൾ അറിയിക്കണം എന്നു പറഞ്ഞിരിക്കുന്നതു്, ആ ആറുമാസം ഒരു മൂന്നുമാസമായി ചുരുക്കണം എന്നു ഞാൻ പറയുകയാണ്. അങ്ങനെ അപേക്ഷകൾ കൊടുക്കുന്നതിനുള്ള സമയം നീട്ടി കൊടുക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. അപേക്ഷ കൊടുക്കാൻ വളരെ ദീർഘമായ കാലാവധിയാണ് വച്ചിട്ടുള്ളതു്. ടെനൻറിനു വേണ്ട ഭൂമിയിന്നതാണ്, ഭൂമി ഉടമസ്ഥനു വേണ്ടതു് ഇന്നതാണ് എന്നാലോചിച്ച് തീരുമാനിക്കാൻ അധികം സമയം ഒന്നും വേണ്ട. അപേക്ഷകൾ കൊടുക്കാനും ഈ വിവരങ്ങൾ എല്ലാം കൊടുക്കാനും 6 മാസം വേണമെന്നു പറയുമ്പോൾ അതുകൊണ്ടു് ഈ ബില്ലിന്റെ പ്രവർത്തനം തന്നെ നീണ്ടുപോകുന്നു. അപേക്ഷ കൊടുക്കുന്നതിന്റെ സമയം മുറുക്കാം. അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]:

കൊടുത്തുകഴിഞ്ഞാൽ മിക്കവാറും ഈ രാജ്യത്തെ എല്ലാ ഭൂമിയെ സംബന്ധിച്ചും ഏതാണ്ട് എവിടെയെല്ലാമാണ് ടെനൻറിന്റെ ഭൂമി അവശേഷിക്കുന്നത് എവിടെയെല്ലാം ഏതെല്ലാം ഭൂമി ഭൂമിയുടമസ്ഥന്റെ കൈവശം വരാൻ പോകുന്നത് എന്ന് നമുക്ക് നിശ്ചയിക്കാൻ കഴിയും. അതിനു് അധികം താമസമില്ലാതെ ഇതു നിശ്ചയിച്ചു കഴിഞ്ഞാൽ നവംബർ ഒന്നാം തീയതി മുതൽക്കുതന്നെ ഈ ഭൂമി ആർക്കെല്ലാം കിട്ടും, ഏതെല്ലാം ഭൂമി ഉടമസ്ഥനു് കിട്ടും എന്നു തിരുമാനിക്കാൻ വളരെ വിഷമമുണ്ടാകയില്ല. ഞാൻ ഈ പറഞ്ഞ തീയതി പക്ഷെ കുറവാണെന്നു തോന്നുന്നുണ്ടെങ്കിൽ അതു സപ്ലിമെന്റ് നീട്ടുന്നതിനും വിരോധമില്ല. ഇവിടെ ഏതെങ്കിലും അപ്പായിൻറ്മെന്റ് എന്നു പറഞ്ഞാൽ പലവിധത്തിലും കാലതാമസം വരുത്താൻ ഇടയുണ്ട്. ഗവണ്മെൻറിന്റെ കുറ്റം അല്ലായിരിക്കും. ഉദ്യോഗസ്ഥന്മാരുടെ കുറ്റം കൊണ്ടായിരിക്കും. അങ്ങനെ എന്തുകാരണംകൊണ്ടായാലും കുറെ കാലദൈർഘ്യം വരാൻ ഇടയുള്ളതുകൊണ്ടാണ് ഇപ്പോൾതന്നെ ഇതു നിശ്ചയിക്കണമെന്നു പറഞ്ഞതു്.

പിന്നെ പന്ത്രണ്ടാം ഭേദഗതി, രണ്ടാം ഉപവകുപ്പ് എടുത്തു കളയണമെന്നുള്ളതാണ്. ഞാൻ 16-ാംനമ്പരായി കൊടുത്തിട്ടുള്ള ഭേദഗതിയിൽ 6 മാസമെന്നുള്ളതു് മൂന്നുമാസമെന്നാക്കി ചുരുക്കണമെന്നു പറഞ്ഞിരിക്കുന്നു. നേരത്തെ സ്റ്റേറ്റുമെൻറ് ഫയൽ ചെയ്യാൻ കൊടുക്കുന്ന സമയം 6 മാസം വേണമെന്നാണ് ബില്ലിൽ പറയുന്നതു്. ഈ ആറുമാസം എന്നു പറയുന്നതു വളരെ ദീർഘമായ കാലമാണ്. ഇതു ഒരു സ്റ്റേറ്റുമെൻറ് കൊടുക്കേണ്ട ആവശ്യം മാത്രമേയുള്ളൂ. അതിൽ എത്രയാണ് ടെനൻറിനു് കൊടുക്കുന്നതു്, എത്രയാണ് താൻ എടുക്കുന്നതു് എന്നുള്ള ഒരു സ്റ്റേറ്റുമെൻറ് കൊടുക്കുന്നതിനു് 6 മാസം എന്നു പറയുന്നതു വളരെ ദീർഘമായ ഒരു കാലമാണ്. അതുകൊണ്ട് അനാവശ്യമായി ഈ നിയമം നീട്ടിക്കൊണ്ടുപോകുന്നു എന്നല്ലാതെ യാതൊരർത്ഥവുമില്ല. മൂന്നു മാസമെന്നുള്ളതിനെക്കാൾ കുറുങ്ങിയ സമയത്തിനുള്ളിൽ കഴിയുമെങ്കിൽ അത്രയുംതന്നെ താമസം വരുത്താൻ പാടില്ല. ഈ ഭേദഗതികൾ ബഹുമാനപ്പെട്ടമന്ത്രി കാര്യമായി പരിശോധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ആർ. രാഘവമേനോൻ: ഈ ഭേദഗതികളെപ്പറ്റി സംസാരിക്കാൻ വളരെ പ്രയാസമാണ്. സംസാരിക്കേണ്ട എന്നു വച്ചല്ല. സാധാരണനാം ഒരു നിയമം പാസാക്കുകയാണെങ്കിൽ ഭരിക്കുന്ന കക്ഷിയല്ലെങ്കിൽ മന്ത്രിതന്നെ ആ ബില്ലിനു ധാരാളം ഭേദഗതികൾ ഹാജരാക്കുക, അവർതന്നെ അനുകൂലിക്കുക, മറ്റുള്ളവർ കൊണ്ടുവരുന്ന ഭേദഗതികളെല്ലാം തള്ളുക, അവർ വരുന്നതെല്ലാം സമ്മതിക്കുക, അങ്ങു പാസാക്കുക എന്നുള്ള നടപടിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളതു് എന്നു നമുക്ക് മനസിലാക്കാൻ കഴിയും. നമ്മുടെ ഈ അസംബ്ലിയിൽ ഇരിക്കുന്നവർക്ക് കുറെ ബുദ്ധിയുണ്ട്. ഭരിക്കുന്ന പാർട്ടിയിൽ പെട്ടവർ ഇരിക്കുന്ന ആ ഭാഗത്തുള്ളവർക്കും വളരെയധികം ഇൻറലിജൻസു ള്ളവരുണ്ട്. ഏതായാലും ഈ ഭേദഗതികളെല്ലാം മനസിലാക്കി പറയാൻ പ്രയാസമാണ്. അതേ പറയുന്നുള്ളൂ. വേറെയൊന്നുമില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ അമെൻറുമെൻറുകൾക്ക പരിപൂർണ്ണമായ അമെൻറുമെൻറ് കൊണ്ടുവന്നു. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു ഫണ്ടമെൻറൽ മീസ്റ്റേക്കു് ഇല്ലാ എന്നു്. പക്ഷെ കുറച്ചു് വ്യത്യാസമുണ്ട്. നേരിട്ടു കൂടിയാലോചിച്ചു് ഈ ഉടമസ്ഥനും കൂടി കാര്യങ്ങൾ തീർച്ചയാക്കണം. അതിനു് ഈ ആറുമാസം വേണമെന്നു പറഞ്ഞതുകൊണ്ടു് ബുദ്ധിമുട്ടുകൾ ഒന്നുമില്ല. ഈ നിയമത്തിൽ ഡീംഡ് ടു ബി എന്നുള്ള വാക്കുകൾ യാതൊരു വിചാരവുമില്ലാതെ, യാതൊരാവശ്യവുമില്ലാതെ ചേർക്കണമെന്നാണു് പറയുന്നതു്. അതു വളരെ ദോഷം ചെയ്യുന്നതാണ്. ചിലർ ഒരിക്കലും ശരിയായിട്ടുള്ളതു് വിചാരിച്ചു എന്നു വരികയില്ല. നേരെ മറിച്ചു് ചിലർ ശരിയായിട്ടുള്ളതു വിചാരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നു വരാം. പിന്നെ ചിലർ വിചാരിക്കുന്നതു് മറെറാന്നാണെന്നു വരാം. അങ്ങനെ പല ബുദ്ധിമുട്ടുകളും ഈ നിയമത്തിലുണ്ടു്. ഞാൻ എന്റെ ബുദ്ധിമുട്ടുകളും പറയുകയാണു്. അല്ലാതെ അസംബ്ലിയിൽ തമാശായി പറയുകയാണെന്നു് വിചാരിക്കരുതു്. ഇന്നയാളെ ഇന്നയാളായി വിചാരിക്കണമെന്നു് പറയുന്നതുപോലെ, ശ്രീമാൻ ഹസൻഗനിയെ രാഷ്ട്രപതിയായി വിചാരിക്കണം എന്നു പറഞ്ഞാൽ എന്റെ രൂപം വരുമ്പോൾ അതു മിസ്റ്റർ ഗനിയുടെ രൂപമായി തോന്നുകയില്ല. അതുപോലെ എന്റെ ബുദ്ധിമുട്ടുകൾ ഞാൻ പറയുകയാണു്. ഇതൊക്കെ ഇങ്ങനെ അങ്ങു പാസാക്കി കൊണ്ടുപോകുന്നതു് വളരെ വിഷമമാണു്. നമുക്കിനി കുറച്ചു് കാലം കൂടിയുണ്ടല്ലോ. അതുകൊണ്ടു് കാര്യങ്ങൾ ശരിക്കു് നടക്കാൻ സാധിച്ചെങ്കിൽ തരക്കേടില്ല. എന്നുള്ളതുകൊണ്ടു് പറയുകയാണു്. ഇതിൽ ഡീം ഡു് ടു് ബി എന്നൊക്കെ പറയുന്നു. കുറച്ചുകാലംകൂടി കൊടുക്കുക. എപ്പോഴും അതേപ്പറ്റി പറയുന്ന കാര്യമാണു്. അതുകൊണ്ടു് കൂടിയാലോചനകൾ ഉടമക്കും പ്രയോജനമുണ്ടു്. ഈ ഉടമയും കൂടിയാലോചനകൾ തമ്മിൽ വളരെ സൗഹാർദ്ദമായും, മര്യാദയായും കഴിയുകയും ചെയ്യും. ചിലപ്പോൾ കൂടിയാന്മാരിൽ ചില വികൃതികളും കാണും. അതുപോലെ ഈ ഉടമയുടെ ഇടയിലും കാണും. ഇവരിൽ നൂറിനു് തൊണ്ണൂറി അഞ്ചും വളരെ മര്യാദയോടുകൂടി കഴിഞ്ഞു കൂടുകയാണു്. അപ്പോഴും അതിനു കുറച്ചുകാലംകൂടി കൊടുക്കണമെന്നു പറയുന്നതു അതുകൊണ്ടാണു്. അങ്ങനെ ഒരു ആനുകൂല്യം ചെയ്തുകൊടുത്താൽ ഇതൊന്നും വേണ്ട. ടെനൻസു് മസ്റ്റർ ബിൾഡിംഗ്സ് ഹാവ് പാസ്സ്ഡ് എന്നാണു് പറയുന്നതു്. ഇപ്പോൾ ഇതൊക്കെ ഗവണ്മെൻറിൽ വെസ്റ്റു് ചെയ്തിരിക്കുകയാണെന്നു്. അതായതു് ഗവണ്മെൻറു് ഏറെറടുത്തിരിക്കുന്നു. അതിലേക്കു് ആറു മാസത്തിനുള്ളിൽ ഹർജികൊടുക്കണമെന്നു പറഞ്ഞാൽ അതുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനമൊന്നും ഉണ്ടാകാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ 6 മാസത്തിനകം ഈ ജന്മികൾക്കു് ഇതിന്റെ വിവരങ്ങൾ അറിയാൻ സാധിക്കുകയില്ല. അതറിയാനായിട്ടു് അംശംമേനോന്റെ അടുത്തു് പോയാൽ അതിന്റെ വിവരം അറിയുകയില്ല. അതുകൊണ്ടു് കാലദൈർഘ്യം 6 മാസം എന്നുള്ളതു മൂന്നു കൊല്ലം കഴിഞ്ഞാലും ഒക്കുകയില്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കും, വില്ലേജുദ്യോഗസ്ഥന്മാർക്കും ഇതിനു വേണ്ടി സഹായിക്കാൻ സാധിക്കുകയില്ല. ചിലർക്കു പറയാൻ ഇഷ്ടമില്ല. ചിലക്കു് പറയാൻ അറിവില്ല. സപ്ലേനമ്പർ കിട്ടുകയില്ല. അതുകൊണ്ടു് 6 മാസം എന്നുള്ളതു് ഏതാണ്ടു് മൂന്നാലുകൊല്ലം വേണ്ടിവരും. ഞാൻ പറയുന്നതു ഇപ്പോൾ നിങ്ങൾ നിശ്ചയിക്കുമ്പോലെ ചെയ്താൽ മതി എന്നാണു്. ഇനി അപേക്ഷിക്കുന്നു ഞാൻ പറയുകയില്ല. അപേക്ഷ എന്നു ഒന്നല്ല, രണ്ടല്ല, നൂറിനും പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. അങ്ങനെ നൂറിനും പ്രാവശ്യം പറഞ്ഞിട്ടും അപേക്ഷകൾ ഒന്നും എടുക്കാതിരിക്കുകയാണെങ്കിൽ വീണ്ടും അപേക്ഷിച്ചാൽ ഞാൻ മാനമില്ലാത്ത ആളായിത്തീരും. അത്രത്തോളം മാനംകെടേണ്ട ആവശ്യമില്ല. ഞങ്ങൾ പറയുന്ന കാര്യങ്ങൾ ഒക്കെ ഒന്നുമാനിക്കാവുന്നതാണു്. കൂടിയാനും ഈ ഉടമയും തമ്മിൽ ഒരു ഒത്തു തീർപ്പിൽ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഈ ഗവണ്മെൻറിനു് വല്ല നഷ്ടവുമുണ്ടോ. ഇവർ തമ്മിൽ ലോഹ്യമായിരിക്കുന്നതിൽ വല്ല നഷ്ടവുമുണ്ടോ? ഗവണ്മെൻറു മദ്ധ്യസ്ഥനായി നിന്നുകൊണ്ടു് കൂടിയാനു് ഭൂമി കിട്ടാനും ഈ ഉടമയ്ക്കു ഭൂമി കിട്ടാനും വേണ്ടി പ്രവർത്തിക്കുന്നോ, അങ്ങനെ ഒരു അന്തർദ്ദേയേട്ടു കൂടി പ്രവൃത്തിക്കുന്നതുകൊണ്ടു് ഇവർക്കു് വല്ല പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ? ഈ ഭൂമാനത്തിനെ ഇത്രയധികം ഭൂമി എങ്ങനെ കിട്ടി. ഈ രാജ്യത്തു ഭൂമിയില്ലാത്ത നാട്ടിൽ കൂടി കൊടുത്തിട്ടില്ലേ. ഇവിടത്തെ ജനങ്ങൾ കാര്യങ്ങൾ മനസിലാകാത്തവരാണോ. ഒരു വക്കീലിന്റെ അടുത്തുപോയാൽ പറയും ഗവണ്മെൻറിനു് ഭൂമി കൊടുത്തേ കഴിയൂ എന്നു്. ചിലർ പറയും നമുക്കൊരു കേസു നടത്താം എന്നു്. അതു കാര്യമില്ല. ആണറബിൾ സ്പീക്കർ പറഞ്ഞു ഫണ്ടമെൻറലായി മിസ്സ്കില്ലാ എന്നു്. ഗവണ്മെൻറിനു് ഭൂമി കൊടുക്കണമെന്നു പറയുന്നു. ഗവണ്മെൻറു അതു കൂടിയാനു് കൊടുക്കണമെന്നു് പറയുന്നു. അതു ഈ ഉടമസ്ഥൻ കൂടിയാനു കൊടുക്കുന്നതുമായി വളരെ വ്യത്യാസമുണ്ടു്. ഒന്നു ഗവണ്മെൻറിനു് കൊടുക്കുകയാണു്. ഇതു രണ്ടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

തമ്മിൽ വളരെ വ്യത്യാസമുള്ള കാര്യമാണ്. ഈ നിയമപ്രകാരം ഗവണ്മെന്റ് മാത്രമേ കൊടുക്കാൻ പാടുള്ളൂ. അപ്പോൾ അതൊരു ഫണ്ടമെന്റൽ മിസ്റ്റേക്കാണ്. അതു് ഞാൻ ഇവിടെ വാദിക്കുന്നില്ല. ഈ നിയമം 38–മുതൽ 54–വരെ വകുപ്പുകൾ ഇങ്ങനെയിരിക്കുകയാണെങ്കിൽ ഇതു ശരിയായി നടക്കുകയില്ല. ഒരു പ്രധാനമായ കാര്യം ഈ എൻകംബറൻസിന്റെതാണ്. ഈ പതിനഞ്ചേക്കറിൽ കൂടുതലുള്ള ഭൂ ഉടമസ്ഥന്മാർ വളരെ കുറച്ചേയുള്ളൂ. വലിയ ഭൂ സ്വത്തുകാരായി പത്തോ അതിയിരമോ കാണുകയുള്ളൂ. അവരെ വിടുക. ബാക്കിയുള്ളവരുടെ കാര്യമാണ്. അവരുടെ ഭൂമിയെകണ്ടിട്ടാണ് മറ്റുള്ളവർ അവർക്ക് കടം കൊടുത്തിട്ടുള്ളതു്. അല്ലാതെ ഫെയർ റെന്റും, പതിനാറിരട്ടിയും കണ്ടിട്ടല്ല. അപ്പോൾ ഒരു സാധു കുറെ കൂടെ കൊടുക്കാനുണ്ടെന്നു വയ്ക്കുക. അയാളുടെ കടത്തിന്റെ കാര്യം തീരുമാനിക്കുന്നതിനു് ഇതിൽ വല്ല പ്രൊവിഷനുമുണ്ടോ. ഭൂമി ഗവണ്മെൻറിലേക്കു് വെസ്റ്റു ചെയ്യുമ്പോൾ ഈ ബാധ്യതകളോടുകൂടിയല്ലേ വെസ്റ്റു ചെയ്യേണ്ടതു്. ഈ നിയമംകൊണ്ടുവന്നതിനുശേഷം വന്നിട്ടുള്ള കടങ്ങളോടുകൂടിയല്ല ഗവണ്മെൻറു് എടുക്കുന്നതു്. ഇങ്ങനെ ഭൂമി ഗവണ്മെൻറിലേക്കു് വെസ്റ്റു ചെയ്യുന്നതും, ഗവണ്മെൻറിൽ നിന്നും കൂടിയാണു് കൊടുക്കുന്നതും, എല്ലാം ഈ ഓരോ അവകാശങ്ങളും, ശാശ്വതമാണെന്നു് ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽനിന്നും മനസിലാക്കണം. അങ്ങനെയൊന്നും ഇല്ലാ എന്നു വിചാരിക്കരുതു്. അങ്ങനെ വിചാരിക്കാതെ ചെയ്താൽ അവരുടെ ശാപം നിങ്ങളും പോയാലും നിങ്ങളുടെ പിന്നാലെ വന്നുകൊണ്ടിരിക്കും. ഈ ശാപം എന്നുള്ളതു് നാം വിശ്വസിക്കുന്നു. അതുകൊണ്ടു് free from all encumbrance എന്നുള്ളതു് വേണ്ട.

അമെൻഡുമെൻറ് ഇങ്ങനെ പലതാക്കി മാറ്റുചെയ്താൽ പറിക്കാനും ബുദ്ധിമുട്ടു്, മനസ്സിലാക്കാനും ബുദ്ധിമുട്ടു്, കാര്യങ്ങളും നടത്തുന്നതിനും ബുദ്ധിമുട്ടു്. ഇങ്ങനെ ഓരോന്നോരോന്നായി സമയത്തു കൊണ്ടുവരുന്നതു വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഞാൻ പറയുന്നതു തെറ്റാണെങ്കിൽ പറയുന്നില്ല. ഞാൻ പറയുന്നതു തെറ്റാണോ എന്നു ചിന്തിച്ചു നോക്കണം. അതുകൊണ്ടു പറയാതിരിക്കാനും നിവൃത്തിയില്ല. ഈ ബില്ലിനെപ്പറ്റി പല ആളുകളും ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു്. നമ്മുടെ നാട്ടിൽനിന്നും നമ്മുടെ കാര്യങ്ങളും പറയാൻ പോയിട്ടുള്ള ആരും എന്തു പറയുന്നു എന്നു്. അതുകൊണ്ടു പറയുകയാണു്. തെറ്റുതരെ അമൻഡുമെൻറാണു്. എങ്കിൽതന്നെയും വേണ്ടുകില്ല; അതു നാട്ടുകാർക്കു ഗുണമുള്ളതാണെങ്കിൽ ഞങ്ങളും അനുകൂലിക്കാം. അനുകൂലിക്കുകയില്ലെന്നും മന്ത്രി കൊണ്ടുവന്ന അമൻഡുമെൻറായതുകൊണ്ടു എതിർക്കുകയാണെന്നും വിചാരിക്കരുതു്. ഗവണ്മെൻറു തെറ്റുചെയ്യാൻ പാടില്ല. പണ്ടൊക്കെ രാജാക്കന്മാർ ഭരിച്ചിരുന്ന കാലത്തു് ക്രൂരമായ ജനങ്ങൾക്കു് ഗുണകരമായവിധത്തിലെ ചെയ്യുകയുള്ളൂ. നല്ലവണ്ണം ആലോചിച്ചുമാത്രമേ ചെയ്യുകയുള്ളൂ. അവരെ ഉപദേശിക്കാൻ അന്നൊക്കെ മിടുക്കന്മാരായ ദിവാന്മാർ ഉണ്ടായിരുന്നു. ബുദ്ധിമാന്മാരായിരുന്നു രാജ്യം അന്നു ഭരിച്ചിരുന്നതു്. ഇവിടെ അമെൻഡുമെൻറിനു് അമെൻറുമെൻറു് അതുപോകട്ടെ. കാര്യം പറകയുകയാണു്. ബഹുമാനപ്പെട്ടമന്ത്രി സമ്മതിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ അതു സമ്മതിക്കണം.

പിന്നെ ഭൂമി ആവശ്യപ്പെട്ട മാർക്കറ്റിൽനിന്നു വാങ്ങുകയാണെങ്കിൽ എന്തു വിലയായിരിക്കും കൊടുക്കേണ്ടിവരുന്നതു് അതു വില കൊടുക്കണം. അതുകൊടുക്കണ്ട എന്നാണിവിടെ പറയുന്നതു്. കൂടിയാണു് ഗവണ്മെൻറിൽനിന്നും കൊടുക്കണം. എന്തൊക്കെയാണിവിടെ എഴുതിവച്ചിരിക്കുന്നതു്. ഇതൊക്കെയാർക്കാണു് മനസ്സുമാധാനത്തോടുകൂടി വായിച്ചുനോക്കാൻ സാധിക്കുന്നതു്. ഇതൊക്കെ കണ്ടാൽ മനസ്സു് മടുത്തുപോകും. ഈ ബില്ലിനെപ്പറ്റി ശാസ്ത്രീയമായിട്ടുള്ള വിമർശനം ആവശ്യമാണു്. അസംബ്ലിമെംബറന്മാർക്കുതന്നെ ഇതൊക്കെ കണ്ടുമടുത്തു. എൻകംബ്രൻസിനു് മുഴുവൻ ബാധ്യതയും കൊടുക്കണം. ബാങ്കിംഗ്കാർപ്പറേഷനു പണംകൊടുത്തില്ലെങ്കിൽ അയാൾക്കു ഭൂമിയുണ്ടെങ്കിൽ അതിന്റെ നേരെ പോകാൻ എന്തിനു് ഇടകൊ

LIBRARY ARCHIVES Kerala Legislative Assembly

ട്ടുക്കുന്നു. എന്തിനിങ്ങനെ നിയമമുണ്ടാക്കി അയാളുടെ സ്വത്തു ബാങ്കിംഗ് കാർപ്പൊറേഷനു് കൊടുക്കണം. ഒരു പ്രജയെ രക്ഷിക്കാൻ ഗവണ്മെൻറു് എന്തു ചെയ്താലും ആരും കുറ്റം പറയുകയില്ല. ഞാൻ പറയുന്നതു് എൻകബ്രൻസി നേപ്പറ്റി എനിക്കു വളരെ ആക്ഷേപമുണ്ടെന്നാണു്. ഞാൻ വായിച്ചു മനസ്സിലാക്കാതെ പറഞ്ഞുപോകുന്നതാണെങ്കിൽ ഞാൻ മാപ്പു ചോദിക്കുന്നു. രണ്ടാമതു് ആറുമാസമെന്നു പറയുന്നതു സാധ്യമല്ല. നാലുകൊല്ലം വേണ്ടിവരും. എന്താണു് കിട്ടുക, പാട്ടം വാങ്ങിക്കാനും പാടില്ല. ഉടമസ്ഥൻ സക്കാരായി. ഇയാളിനു് എന്തു കിട്ടും. അയാളുടെ ഭൂമിക്കു പണം കിട്ടുന്നതുവരെ പലിശ കിട്ടണം. അല്ലെങ്കിൽ ഇൻസ്റ്റാൾമെൻറു് ആയി കിട്ടിക്കൊണ്ടിരുന്നിടത്തോളം പണം കിട്ടണം. പിന്നെ എനിക്കു പറയാനുള്ളതു് ബില്ലിൽ ഇങ്ങനെയൊരു നിയമം വച്ചിട്ടുണ്ടു്. ജന്മിയും കുടിയാനുംകൂടി കാര്യം ഒത്തുതീർക്കണം. ഗവണ്മെൻറു് ഭൂമി ഉടമസ്ഥനാകുന്നു. അങ്ങനെയെടുക്കാൻ വളരെ കാലതാമസം വരും. കുടിയാനെന്നു വിചാരിക്കണമെന്നു പറയുന്നതിനു പകരം ഗവണ്മെൻറു് ഉടമയാകുന്നു കുടിയാൻതന്നെ വേണ്ടെന്നു പറഞ്ഞാലും കിട്ടാൻ നിവൃത്തിയില്ല. അതിനു് ഏർപ്പാടില്ല. രണ്ടാം ലിസ്റ്റിൽ എനിക്കു് ഇന്നലെയാണു് കിട്ടിയതു്. അതിനു ഞാൻ കുറ്റം പറയുന്നില്ല. ഞാൽ താമസമെന്നുമാറ്റി. അതുകൊണ്ടുകിട്ടാൻ താമസിച്ചതായിരിക്കും. താമസം മാറ്റിയതുകൊണ്ടുഞാനാണു് തകരാറുകാരൻ. ഒരിടത്തുതന്നെ താമസിക്കാനൊക്കാത്ത ആളിനു് ഇങ്ങനെ കുഴപ്പം വരും. ഞാൻ പറയുന്നതു് മടക്കിക്കൊടുക്കാനുള്ള ഏർപ്പാടില്ലെന്നാണു്. ശ്രീ ഗോപാലകൃഷ്ണൻനായർ പറഞ്ഞാൽകൊള്ളാം.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ : നായരല്ല, മേനോനാണു്. മേനോൻ നായരായാലൊന്നും വരാനില്ല. അല്ലെങ്കിൽ ദാമോദരൻ എന്നെഴുതിയിരിക്കുന്നതു കണ്ടു. ദാമോദരൻനമ്പ്യരിപ്പാടാണു്. ഇതു ഡീം ഡു ചെയ്യുന്ന കുഴപ്പമാണിതെല്ലാം. അപ്പോൾ ഞാൻ പറയുന്നതു് ഇതു കൊടുക്കണമെന്നുള്ള പ്രൊവിഷനില്ല. അതു ക്രൂരതെ കഴിക്കാനാണു് ഒരു കൊല്ലം വേണമെന്നു ഞാൻ പറയുന്നതു്. അല്ലെങ്കിൽ ഗവണ്മെൻറു് എടുത്തുകൊടുക്കണം. അതിനിടയിൽ തീരുകയാണെങ്കിൽ തീരണം. കിട്ടേണ്ട ഭൂമി ഉടമയും കൊടുക്കേണ്ട ആളും തയാറാകയില്ല. കുടിയാനും ഭൂ ഉടമയും ഇഷ്ടംപോലെ ചെയ്യാൻ സമ്മതിക്കണം. 38മുതൽ 53വരെ അൽപ്പംക്രൂടെ ഭേദഗതി കൊണ്ടുവരണം. അതുക്രൂടെചെയ്യുന്ന എന്തു ഭേദഗതി കൊണ്ടുവന്നാലും ഞങ്ങൾ സമ്മതിക്കും.

അതും ചെയ്യണം. ഈ രണ്ടു മൂന്നു കാര്യം ചെയ്യണം. എൻറെ ഭേദഗതി അവകാശം കുടിയാനു് കിട്ടുന്നു. ഡീം ടു ഹാവു് എന്നാണു്. അതു് അതു സമയത്തു പറഞ്ഞുകൊള്ളാം. രണ്ടു മൂന്നു കാര്യം പ്രത്യേകം പറയാനുണ്ടു്. ഈ ചെറുകിടഭൂഉടമസ്ഥന്മാർ വളരെയധികം ഇതു നോക്കിക്കൊണ്ടിരിക്കുകയാണു്. ഒരു കൊല്ലം എംകൻബ്രൻസു് കൊടുക്കുന്ന സമയത്തു് യാതൊരു കുടിക്കടവും ബാക്കി പാടില്ല. ഉത്തമവിശ്വാസമുള്ളതാണെങ്കിൽ അതുടൻ തീർക്കണം. ബാങ്കിംഗ്കാർപ്പൊറേഷൻകാർ അവർ ഇരിക്കുന്ന വീടു വലിച്ചു പൊളിച്ചുകൊണ്ടുപോകാൻ ഇടവരരുതു്. മലബാറിൽ ഭൂമി ഗവണ്മെൻറിനില്ല. എല്ലാം പ്രൈവറ്റാണു്. കുടുതൽ മദ്ധ്യവർത്തികളുണ്ടു്. ഗവണ്മെൻറു് എടുക്കാൻ പാടില്ല. തിരിച്ചുകൊടുക്കണം. ആറുമാസമെന്നു വച്ചിട്ടുണ്ടു്. ടിബ്യൂണിലിനു കൊടുക്കാൻ ഒരു കൊല്ലക്കാലമെന്നു വയ്ക്കുണം. രണ്ടുകൊല്ലം അയാലും ശരിയാകയില്ല. കുടിയാൻ വെസ്റ്റു ചെയ്താലും കൃഷി നടക്കുന്നുണ്ടു്, വേറെ പകരമില്ലാത്തതുകൊണ്ടാണു്. രണ്ടാമതു അതിനുപുറമേ അതുക്രൂടി പാടില്ലാ. എന്നിന്നേൽ പിന്നൊരു കുരു ക്രൂടി എന്തിനാണു്. അതു വേണ്ട. കാലതാമസം വരുന്നതു സ്വാഭാവികമാണു്. അവർ വിചാരിച്ചാൽ സാധ്യമല്ല. മൂന്നിരട്ടിയോ പത്തിരട്ടിയോ ഉദ്യോഗസ്ഥന്മാർ വിചാരിച്ചാലും സാധ്യമല്ല. 24 മണിക്കൂറല്ലേ ഒരു ദിവസമുള്ളു. അതുകൊണ്ടു് ഈ ഭേദഗതിയെപ്പറ്റി എനിക്കു പറയാനുള്ളതു് ഇതാണു്. ഗവണ്മെൻറുഭാഗത്തു നിന്നും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഭേദഗതി കൊണ്ടുവരുന്നുണ്ടു്; വിചാരിച്ചാൽ വേണ്ട നിവൃത്തികരം ചെയ്യാൻ ഇനിയും വൈകിയിട്ടില്ല. അതു ചെയ്യണമെന്നു പേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Umesh Rao: Sir, this Section is practically the foundation on which sections 39 to 54 is built up. It was observed that the new amendments that are put in by the Revenue Minister, if at all, do not differ on principle, but if there is any deviation, it is in the *modus operandi*. It was also observed that each man can have his own interpretation of what principle is. Of-course, it may be right. I have no right to say anything on it.

However, what I would submit is, whether it be a deviation in the *modus operandi* or otherwise, we find that 11 a.m.] there are some extraordinary changes in its effect; I think some of my colleagues have spoken about that. The effects are very overwhelming. In the earlier Clause, when it was a question of vesting the land with the tenant, it was quite a different thing; till the certificate of purchase is given and till the tenant actually gets the land, it was possible for the landlord to expect the land back; but now, there is no such going back, but on that day, whether the tenant gets it or not, whether the tenant proposes to subsequently purchase it or not, the landlord loses it and the Government gets it. Then there is also the other question. We know that whatever might be the class warfare that is spoken of, probably it has not reached all the interior villages; there are still various areas where in spite of the laws that may come in, the tenants, particularly the tenants of good landlords who are eking out their livelihood by cultivation of land belonging to those landlords are prepared to accommodate and make adjustments, and according to the previous arrangement, it was possible to expect that, in spite of the right of purchase that is proposed to be given to the tenant, the landlord, taking advantage either of his influence or of his goodness or the good relation that is existing between him and the tenant, would have got some land back. Now it is impossible. I do not at present want to comment upon the succeeding clauses; but I wish to ay that a very vast change has been brought about in this clause 38. Since it is the basis or a new background for the other clauses, we will have to prepare for necessary changes and adjustments here. To this clause, I have moved an amendment which is not a very important one, It is my amendment No. 790, by which I seek to substitute for the words 'free from all encumbrances created by the landowner and the intermediaries subsisting thereon', the words "subject only to a proportionate share of the encumbrances created by the landowner and the intermediaries subsisting thereon". I do not know what is the justification for putting the words "free from all encumbrances" there, because subsequent sections will show that it is not proposed to be free from encumbrances. For instance, Clause 53 definitely makes arrangements for payment of the encumbrance amount. That clause says:

LIBRARY ARCHIVES Kerala Legislative Assembly

"Subject to the provisions of sub-section (2) the compensation payable under section 51 shall be distributed by the Land Board to the persons entitled thereto."

And then, how it is to be distributed and all that is stated in that clause. What is stated is, where the right, title and interest vested in the Government are subject to any encumbrance, the value of the encumbrance shall be deducted. If there is any charge for maintenance or alimony on such right, the Land Tribunal shall also make deductions for payment out of the compensation amount due to the persons liable for such maintenance and alimoney; then those encumbrances stand extinguished. I cannot make out how we are justified in saying "free from all encumbrances" when in a subsequent clause we have stated how to discharge certain encumbrances. Certain lands vest in the Government and Government after assigning the land to the tenant gets certain purchase price and that is to be paid to the landlord and at that time, that is adjusted. So these encumbrances are in that manner discharged. If the Government thus propose to pay the encumbrances I fail to understand why those words 'free from encumbrances" should be incorporated in the clause Those words may not be quite proper and in view of the provision in the subsequent clause it may be necessary to change that.

Now, Sir, about the encumbrances, I may submit, really one has at least to make out what is intended about payment of encumbrances. There are subsequent sections which will give us some opportunity for speaking about them. But I would submit that since this is the basis of all subsequent clauses, the Government may consider that problem very seriously and see whether something cannot be done to prevent any harm being caused. Every one can realise that when the Government says in a subsequent clause that by payment of compensation, even when the amount of compensation will not be enough to pay the amount of encumbrance, maintenance or alimony, those encumbrances shall stand extinguished. It will be very necessary to consider the economic aspect of it.

In regard to debts due to Banks, some of my colleagues have already stated how even what title the borrower has got, after the lands being taken away—it may be his house and compound would be lost by him. Before properties are mortgaged to a Bank, the Bank sends their experts to do the valuation of the property and on the basis of that valuation, after deducting a big percentage, the Bank advances the amount. Now, as a result of this legislation, it is likely that the Bank will not be able to get the loan that was advanced and interest. Then, we are enabling that Bank to proceed against the person of that borrower. There is no crime that the borrower has committed. He never wanted to defraud the Bank; the Bank sent its own people and valued the property and advanced an amoun which they was quite secured; they thought that the security was quite good. And subsequently what is the result? I am stating

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

here only one instance of hardship, and such things there are lots and lots. So the question as to how the encumbrances are to be discharged, may be kindly considered and different aspects may be chalked out.

I heartly support the amendment which is moved by my friend Shri Moideenkutty Haji. I would request again that the Government may consider it. That amendment is the effect that all rights given to the protected tenants should not be extend to persons who are otherwise rich. In his amendment he mentions a big figure of Rs. 3,000. A person who has got an income of Rs. 3,000 and more per year should not be given those concessions. I would only say, it is quite reasonable. Of-course, we have—I mean this Assembly—no control over those non-agricultural incomes. All right, we are not going to touch them; let them enjoy it as long as they can; but let us not, by something that we do, make such people richer, or allow them to swell at the expense of other poor people. Let them be kept away from the concessions that we give to the poor peasantry.

I would also repeat that when the land vests with the Government, the question of payment of rent to the landlord till at least the certificate of purchase is given to the tenant, may be considered.

Shri T. A. Thomman: Sir, I have moved amendment No. 15 in the consolidated list No. 2. That amendment is to add the words "held by a protected tenant" after "land" in line 3 in sub-clause (2) of Clause 38 (Amendment No. 18 in supplement No. 1.)

Clause 38 (2) in that amendment No. 18 reads thus :

> "Within six months from the date notified under sub-section (1) every person, who has any manner of interest in any land situate within the State shall file a statement before the Land Tribunal" showing the following particulars.

So, it becomes incumbent on all persons who have any manner of right or interest in any land situated within the State, to file a statement before the Land Tribunal—whether it be kudikidappukaran's right or whether it be the right of a sambala-pattamdar or varamdar or even a right of easement.

And suppose such a statement is not filed, what is the consequence? Clause 81 dealing with Penalty says:

> "Whoever wilfully contravenes the provisions of sub-section (3) of Section 38 or sub-section (2) of section 59 or section 61 or of any rules made under this Act, shall on conviction be liable for the first offence to fine not exceeding one hundred rupees and for every subsequent offence to fine not exceeding one thousand rupees."

LIBRARY ARCHIVES Kerala Legislative Assembly

That is the penalty imposed. Suppose, Sir, I am a kudikidappukaran with regard to a property; I have got an interest in that land. This section 38 (2) requires that because I have got interest in land, I should file a statement before the Land Tribunal; if I do not file such statement, I would be penalised. That would be the logical conclusion, if we are to enforce the provision in clause 38 (2). As I understand it, Clause 38 (1) deals with vesting in Government of landlords' rights in lands held by protected tenants. That sub-clause says :

> "On the appointed day to be notified by the Government in the Gazette, all rights, title and interests of the landowner and the intermediary, if any, over lands held by protected tenants shall vest in the Government free from all encumbrances created by the landowner and the intermediary, subsisting thereon on the said day."

So, I think, that the intention of the framers of this clause is to see that only lands held by protected tenants alone need come under clause 38 (2). Otherwise, it would be very very hard for everybody who has interest in land to file a statement. I do not know whether it is the intention of the framers of this legislation to have that. As I see it, Clause 38 (1) deals only with rights, title and interests of the landowner and the intermediary over lands held by protected tenants, which shall vest in Government free from all encumbrances. So, only persons who have interest in lands held by protected tenants need file such a statement. It is with that object that I have moved that amendment to amend sub-clause (2) as to read :

> "Within six months from the date notified under sub-section(1) every person, who has any manner of interest in any land held by a protected tenant situate within the State shall file a statement before the Land Tribunal showing'' the following details.

I hope the Minister will accept my amendment.

Shri E. P. Poulose : The amendments which I wish to deal with first, in the order of priority, are my amendments Nos. 2 and 3 in the second Consolidated List. By these amendments I have suggested that Clause 38, sub-clauses (1) and (2) may be split up into two separate Clauses—38 and 38—(A). Sub-clause (1) relates to a very important declaration conferring a very valuable right upon peasants, whereas sub-clause (2), though in a way connected with sub-clause (1), deals with a minor procedural matter which need not find a place there. I find from the amendments tabled by the hon. Minister, she has substantially accepted the spirit of these amendments and sought to delete sub-clause(2) from clause 38; I am referring to her amendment No. 11 in Consolidated List No. 2.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

My amendments are amendments No. 797 and No. 798. By amendment No. 797 I have suggested that this matter of procedure may be dealt with by rules—by adding the words "in such manner and showing such particulars as may be prescribed" in clause 38(3).

The second amendment relates to the question of encumbrances. Amendments Nos. 791, 802 and 10 in the Consolidated List No. 2 relate to encumbrances. Hon. Members have spoken about this question of encumbrances. I would like to add a few words to show in what manner it will apply to individual cases when the other provisions relating to encumbrances are also taken into consideration. I am referring to sub-clause 2 of clause 49. It reads: "Where the rights, title and interest vested in the Government, form part of the security for an encumbrance, maintenance or alimony, the Land Tribunal shall for the purpose of discharging the same, apportion the entire encumbrance, maintenance or alimony, between the security vested and the portion of the security remaining, in proportion to the values of the two portions of the security." This portion is newly inserted. There was no similar provision in the Bill as it stood, originally or in the clause as reported by the Select Committee.

Mr. Speaker: Original clause 49 is the same thing.

Shri E. P. Poulose: It makes very little difference in my arguments. What will be the effect of this sub-clause taking the instance of a property worth Rs. 5,000 or Rs. 10,000? This property has charged on its debt to the extent of Rs. 5,000.

If the property is in the hands of the tenants the compensation payable to the landlord will come to say, Rs. 2,500 or Rs. 3,000. So the result of this sub-clause will be, first of all, the landlord will have to discharge the encumbrances on the property amounting to Rs. 6,000 and the balance of debt, if any, will be chargeable on the interest "that remains." What is the "interest that remains", Sir? The interest that remains is only the interest that the tenant has in the land. There is no other interest in the property. There will be very few cases where the property will be worth Rs. 10,000 and debts outstanding will come to Rs. 500 or Rs. 1,000. But in many cases when we actually apply the provisions of this clause—if the tenant is to take complete right on the land—the landlord who has some other property left, will have to meet the obligation with whatever assets he may have in the form of movable or immovable property. In any case this provision will create much hardship to the landlord which we should certainly avoid. We have incorporated certain provisions to protect the interests of the small holder. We have to safeguard the interests of the big-holders also. By showing special consideration to the tenants, we may cause hardship to many a landlord. Our aim must be to safe-

LIBRARY ARCHIVES Kerala Legislative Assembly

guard the interests of both the landlord and the tenant as far as possible. I don't know how after deciding to give land free from encumbrance under clause 38 we can fully enforce the provisions of clause 49. Reading through these provisions I find that clause 49 is inconsistent with the right conferred by clause 38 or it must cause much inconvenience or hardship to the landowner. Therefore I suggest that the words "free from all encumbrances" may be deleted. These provisions, 38 to 54, will have to be discussed at a later stage in connection with a different matter.

I would like to suggest one other thing with regard to this question. What will be the position of the creditor? We have now enacted what is called the Agricultural Debt Relief Act by which the creditor will be obliged to relinquish his claim to a part of his debt. The creditor is compelled to take the amount in instalments according to the nature and amounts of the debts. What will be the position when we apply these provisions to this Act. The Peasants' Day has been declared. As soon as compensation is paid to the landlord, immediately the debt should be discharged from the compensation amount payable to the landlord. So much so, the landlord is deprived of the facility to pay the amount by instalments. The landlord is denied many facilities that he would have been able to enjoy if the Debt Relief Act was in force. Should we compel him to pay much more than he would have been entitled to, if the Debt Relief Act was in force. These are complicated questions. So I suggest that all these provisions may be considered together. I don't say that it is not possible to consider again the amended provisions. In order to avoid all these confusions we have to think of redrafting some of these provisions or to make some alteration. I suggest that the words "free from all encumbrances" be deleted. I don't know how many tenants will be deprived of the rights which they expected to get if these words are retained. So we must find out a way, after discussing fully all these provisions. I even suggest that all the provisions from clause 38 to 54 may be again considered before we finally accept them. If these provisions are to continue as at present it will unnecessarily complicate matters. The tenant may be given special protection. But at the same time the landlords need not be completely neglected. It may be considered by the Revenue Minister even at this stage or afterwards.

ശ്രീമതി കെ. ആർ. ഗൗരി: 38-ം, 39-ം ക്ലാസുകൾ എടുത്തുമാറ്റാം ഭൂമി യാണ് ഗവണ്മെൻറിലേയ്ക്ക് വെസ്റ്റ് ചെയ്യുന്നതെന്നുള്ളതിനെ സംബന്ധിച്ചിടത്താണ്. 38-മത്തെ ക്ലാസിനെ നാലാമത്തേയും, ഏഴാമത്തേയും, പതിനൊന്നാമത്തേയും ഭേദഗതികളുള്ളതിൽ ഏഴാമത്തേതാണ് ആദ്യം എടുക്കേണ്ടത്. അതു് ഇങ്ങനെയാണ്.

(1) "For the purposes of this section and section 42 the expression "protected tenant" with reference to a holding means a cultivating tenant from whom no part of the holding is liable to be resumed". This is to be included as sub-clause (i) of clause 38 and the other clause as sub-clause (2).

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ശ്രീ. നാരായണക്കുറുപ്പ്: അതിൽ കുടിയിരിപ്പുംകൂടി വരുമോയെന്നു ഒരു സംശയമുണ്ടായിരുന്നു. "other than the tenant of a kudiyirippu" എന്നു ചേർക്കുന്നതിൽ വിരോധമില്ല. So that there may be no room for any doubt. സംഭാഷണം ഹോംഡേഴ്സിനെ ബാധിക്കുകയില്ല എന്നു ഒരു ഭേദഗതി ആകാൻ കൊണ്ടുവന്നിട്ടുണ്ട്.

Sub-clause (2) "Within six months from the date notified under sub-section (1) every person, who has any manner of interest in any land situate within the State shall file a statement before the Land Tribunal showing, the village, survey number, etc....."

ഈ വകുപ്പ് ഇവിടെനിന്നു മാറ്റി വേറൊരിടത്തു് ചേർത്തിരിക്കുകയാണു്. അതുകൊണ്ടു് ആവശ്യമില്ല. ആരാണു കൊടുക്കേണ്ടതെന്നും അർഹതയുള്ള ആൾക്കാരെക്കയാണു് കൊടുക്കേണ്ടതെന്നും വരുത്തി ഒരു special section എഴുതിച്ചേർത്തിട്ടുണ്ടു്. ആ സ്ഥിതിക്കു് അതു superfluous ആണു്. അതുകൊണ്ടു് അതെടുത്തു കളയുകയാണു്.

ശ്രീ. ഇ പി. പൗലോസ്: ഇൻസ്യൂമെൻറ് റൈറ്റുള്ളവർ സ്റ്റോറുമെൻറ് കൊടുക്കേണ്ടേ?

ശ്രീമതി കെ. ആർ. ഗൗരി: ഇങ്ങനെ 38-ം, 39-ം ക്ലാസനുസരിച്ചു് അവകാശം കിട്ടുന്ന ടെനൻഡു് അവിടെ അപ്ലൈ ചെയ്യാനുള്ള വിധത്തിൽ മാറ്റിയിരിക്കയാണു്.

പിന്നെ ഇവിടെ encumbrance-നെ സംബന്ധിച്ചാണു് പ്രധാനമായും സംസാരിച്ചതു്. ഗവണ്മെൻറിലേയ്ക്കു് vest-ചെയ്യുന്ന ഭൂമി free of encumbrance ആയിട്ടായിരിക്കും vest ചെയ്യുന്നതെന്നു പറഞ്ഞതു മാറ്റണമെന്നു്. അങ്ങനെ മാറ്റിയാൽ നിയമംകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. കൃഷിക്കാരൻ ഭൂമി വാങ്ങിച്ചു കുറേ കഴിയുമ്പോൾ കടക്കാർ ജപ്തിചെയ്തു ഭൂമി വിറ്റുകൊണ്ടുപോകും. കൃഷിക്കാരനു ദോഷവുമാകും. സെലക്ട് കമ്മിറ്റിയിൽ നാം ഇതു ചർച്ചചെയ്തു. റിസർവു ബാങ്കു കണക്കുകളെല്ലാം മനസ്സിലാക്കിക്കൊണ്ടാണു് free of encumbrance എന്നു ചേർത്തതു്.

Shri E. P. Poulose: In clause 49 (2), "Where the land deemed to have been purchased forms part of the security for an encumbrance, maintenance, or alimony the Land Tribunal shall for the purpose of discharging the same apportion the entire encumbrance, maintenance or alimony between the land so deemed to have been purchased and the portion of the security remaining" എന്നു വരുമ്പോൾ "security remaining" എങ്ങനെ പൊരുത്തപ്പെടും.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടുംകൂടി കൂട്ടിച്ചേർത്തു പറഞ്ഞാൽ ബുദ്ധിമുട്ടുവരും. free of encumbrance പറഞ്ഞില്ലെങ്കിൽ കൃഷിക്കാരനു യാതൊരു ഗുണവും ഉണ്ടാകുകയില്ല. പേഴ്സണൽ ഡെറ്റ്സ് വല്ലതും ഉണ്ടെങ്കിൽ അതിനു വേറെ വ്യവസ്ഥ ഉണ്ടു്. ഇവിടെ പ്രാപ്തിയിന്മേൽ ഉള്ള ബാധ്യതകളെ കണക്കിലെടുത്തിട്ടുള്ള ഓവർഡ്രാഫ്റ്റുപോലും ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെയുള്ള പേഴ്സണൽ ഡെറ്റ്സ് എന്തുചെയ്യും. ശ്രീ. കുറുപ്പു പറഞ്ഞതുപോലെ ജന്മിക്കരം ഉണ്ടു്; ബാങ്കിൽ ഈടു വച്ചിട്ടുണ്ടു്. അതെല്ലാം എന്തു ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri: "lands held by protected tenants shall vest in th Government free from all encumbrances" മറ്റുകടങ്ങൾ എങ്ങനെ dispose ചെയ്യുമെന്നുള്ളതിനു് ഇനി വരുന്ന വകുപ്പുകളിൽ എഴുതി ച്ചേർത്തിട്ടുണ്ടു്. കൃഷിക്കാരനു് ഒരു കടബാദ്ധ്യതയും ഉണ്ടാവുകയില്ല. 1000 രൂപയ്ക്കു വസ്തുവുള്ള ആൾ ഒരു ലക്ഷം രൂപാ വാങ്ങിച്ചിട്ടുണ്ടെങ്കിൽ അതു് വേറെ പ്രശ്നമാണു്. കൃഷിക്കാരനു കിട്ടുമ്പോൾ free of encumbrance ആയിരിക്കും എന്നു മാത്രമാണു് ഇതിൽ ചേർത്തിരിക്കുന്നതു്. അതിന്റെ കൂട്ടത്തിൽ ജന്മി ക്കരം എന്തുചെയ്യുമെന്നു ചോദിച്ചു. ജന്മിക്കരത്തെ സംബന്ധിച്ചു് ഇതിനു മുൻപു് നാം ഒരു ബില്ലു് കൊണ്ടുവരികയും, ഇവിടെ പാസ്സാക്കുകയും ചെയ്തു. കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരത്തിനായി അതു അയച്ചിരിക്കുകയാണു്. അതുകൊണ്ടു് ജന്മിക്കരത്തെ സംബന്ധിച്ചു നാം എന്തു നടപടിയാണു് എടുക്കേണ്ടതു് എന്നു തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ടു അതിനെ സംബന്ധിച്ചു ഇവിടെ എന്തെങ്കിലും എഴുതിവയ്ക്കേണ്ട കാര്യമില്ല. ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ജന്മിക്കരം അബോളിഷ്മെന്റ് ബിൽ നാം പാസ്സാക്കിയിട്ടുള്ളതാണു്. പ്രസിഡന്റിന്റെ അംഗീകാരം വളരെവേഗത്തിൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു്: കൊച്ചിയിലെ കാര്യമോ?

ശ്രീമതി കെ. ആർ. ഗൗരി: ആ അകംറവ തന്നെ അങ്ങോട്ടു് എക്സ്റ്റെൻഡു ചെയ്യുന്നതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞങ്ങൾക്കു കിട്ടുന്ന ഭൂമി യാതൊരു ബാദ്ധ്യതയും ഇപ്പോഴത്തെ കിട്ടുന്നതിനെക്കിലും വേണ്ടതു ചെയ്യണം. ഞങ്ങൾക്കു് നിയമപരമായി കിട്ടുന്ന ഭൂമിയാണു്. ആ വസ്തു ഈടുവച്ചാൽ കടം എങ്കിലും കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. വിശ്വനാഥൻ പറഞ്ഞ അമെൻഡുമെന്റു് മിക്കവാറും അംഗീകരിച്ചിരിക്കുകയാണു്. ശ്രീ. ഹസ്സൻഗനിയുടെ അമെൻഡുമെന്റു് വേറൊരു രംഗത്തു് 80-ാംനമ്പർ ഭേദഗതിയായി ചേർത്തിട്ടുണ്ടു്. അതു റെൻറായിട്ടതന്നെ കണക്കാക്കും. അതു് അപ്രായോഗികമായിരിക്കും. ഫിക്സിറ്റി ആഫ് ടെനവറിന്റെ കാര്യം ആ ഭേദഗതിയിലുണ്ടു്. അതുകൊണ്ടു ശ്രീ. ഹസ്സൻഗനിയുടെ ഭേദഗതിയുടെ തത്വം അംഗീകരിച്ചിരിക്കുകയാണെന്നുകാണാം. ഫിക്സിറ്റി ആഫ് ടെനർ ലഭിക്കുന്നതുവരെ റെൻറ കൊടുക്കാൻ പാടില്ലെന്നും, അഥവാ കൊടുത്താൽ അതു പാർട്ടു് പേമെൻറായി അംഗീകരിക്കുമെന്നുമാണു് അതിൽ പറഞ്ഞിരിക്കുന്നതു്.

ശ്രീ. ഇ. പി. പൗലോസു്: ഫ്രീ ആഫ് ചാർജസ് ആയി വസ്തു ഗവണ്മെന്റിൽ വെസ്റ്റു ചെയ്യുമ്പോൾ അതിലെ എൻകംബ്രൻസ് ലാൻഡ് ഓണറിൽ നിക്ഷിപ്തമാവുകയല്ലെ ചെയ്യുന്നതു്; അതുകൊണ്ടു് പിന്നീടു് കൺസിഡർ ചെയ്യുന്നതല്ലെ നല്ലതു്?

ശ്രീമതി കെ. ആർ. ഗൗരി: വസ്തുവിൽ യാതൊരു എൻകംബ്രൻസും ഉണ്ടാവുകയില്ല. അതിനെപ്പറ്റി നാം ഇപ്പോഴേ തീരുമാനിക്കുകയാണു്.

ശ്രീ. ഇ. പി. പൗലോസു്: ഒരാളിനു് പത്തേക്കർ ഭൂമി ഉണ്ടായിരുന്നു. അതിൽ അഞ്ചേക്കർ ഭൂമി ടെനൻറിനു പോകുന്നു. ബാക്കിയുള്ള അഞ്ചേക്കറിലേയ്ക്കു അല്ലയോ ആ വസ്തുവിലുള്ള എൻകംബ്രൻസു് പോകുന്നതു്?

ശ്രീ. എം. നാരായണക്കുറുപ്പു്: ജന്മിക്കരം ഡിസ്ചാർജ്ജു് ചെയ്യുന്നതാണെന്നു പറഞ്ഞു. അങ്ങനെ വരുമ്പോൾ വേറൊരു പ്രശ്നമുണ്ടു്. മലബാറിൽ ടെനൻറിനു കിട്ടുന്ന ഭൂമിക്കും, തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ ടെനൻറിനു കിട്ടുന്ന ഭൂമിക്കും തമ്മിൽ വിലയിൽ വിവേചനം ഉണ്ടാകും. അതായതു, മലബാർ ഭാഗത്തേയ്ക്കു ടെനൻറു കൊടുക്കുന്ന വില തിരുവിതാംകൂർ-കൊച്ചി ഭാഗത്തെ ടെനൻറു് കൊടുക്കുന്ന വിലയെ അപേക്ഷിച്ചു കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

രിക്കും. തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകാർ ജന്മിക്കരംകൂടി കൊടുക്കാൻ ബാധ്യതപ്പെട്ടവരാണ്. ഇപ്പോൾ അവർക്ക് കൊടുക്കാൻ ബാധ്യതയില്ല. അതിനാൽ വിലയുടെ കാര്യത്തിൽ ഒരു വിവേചനം കാണിക്കണം എന്നു വരികയില്ലെ?

